LIBRARY ARCHIVES Kerala Legislative Assembly

ഉത്സവ സീസണിലെ ആന ഇടയൽ

243 (1948) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ ഉത്സവ സീസണിൽ എഴുന്നള്ളിപ്പിനിടെ എത്ര ആനകൾ ഇടഞ്ഞ് അക്രമകാരികളായിട്ടുണ്ട് ; ഇതിൽ എത്ര പേർക്ക് ജീവഹാനി നേരിട്ടിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

കഴിഞ്ഞ ഉത്സവ സീസണിൽ 9 ആനകൾ ഇടഞ്ഞ് അക്രമകാരികൾ ആവുകയും ഇതുകാരണം 3 പേർക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ഡിവിഷൻ	ആന ഇടഞ്ഞത്	മരണം സംഭവിച്ചത്
1	റാന്നി	5	2
2	കോതമംഗലം	1	...
3	മലയാറ്റൂർ	1	1
4	തൃശ്ശൂർ	1	...
5	കോഴിക്കോട്	1	...

വന്യമൃഗശല്യം കുറയ്ക്കുന്നതിന് നടപടി

244 (1949) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വനാതിർത്തി ഭാഗങ്ങളിൽ വന്യമൃഗ ശല്യം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രവർത്തികൾക്കായി നടപ്പുസാമ്പത്തിക വർഷം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ബഡ്ജറ്റ് സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ വന്യ മൃഗശല്യം രൂക്ഷമായ ഭാഗങ്ങളിൽ ഏഴര കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ വേലികൾ 2013-14 സാമ്പത്തിക വർഷത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

2. കല്പറ്റ റെയിഞ്ചിലെ കുറുക്കൻതോട് ഭാഗത്ത് 5 കിലോമീറ്റർ ദൂരത്തിലും കന്നംപുറം ഉതിരഞ്ചേരി ആല പ്രദേശങ്ങളിൽ 2 കി.മീ. ദൂരത്തിലും പാറത്തോട് മുതൽ ചെകുത്താൻ പാലം വരെയുള്ള 4.6 കി.മീ. ദൂരത്തിലും നിലവിലുള്ള സൗരോർജ്ജ കമ്പിവേലികളുടെ അറ്റകുറ്റപ്പണികൾ തീർത്ത് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

3. തരിയോട് എട്ടാംമൈൽ വനസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ സുഗന്ധഗിരി സെക്ഷനിൽ പാറത്തോട് മുതൽ ഉതിരഞ്ചേരി വരെയുള്ള പ്രദേശങ്ങളിൽ 8 കി.മീ. ദൂരത്തിൽ നിലവിലുള്ള കമ്പിവേലിയുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

4. മേപ്പാടി റെയിഞ്ചിൽ പരപ്പൻപാറ ആദിവാസി കോളനി, സൺറൈസ് വാലി മുതൽ ശേഖരൻകുണ്ട് വരെയുള്ള പ്രദേശങ്ങളിൽ 3.54 കി.മീ. ദൂരത്തിൽ ജനപങ്കാളിത്തത്തോടുകൂടി സൗരോർജ്ജ കമ്പിവേലികളുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

5. കാട്ടാനശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ജനങ്ങളുടെ രാത്രികാല സഞ്ചാരം സുഗമമാക്കുന്നതിന് കല്പറ്റ റെയിഞ്ചിൽ 30 ഏക്കർ ഭൂദാനം കോളനി, വേങ്ങത്തോട് കോളനി, കാപ്പാംകുന്ന് കോളനി തുടങ്ങിയ പ്രദേശങ്ങളിൽ 8 സൗരോർജ്ജ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

6. കല്പറ്റ റെയിഞ്ചിലെ കാട്ടാനശല്യം രൂക്ഷമായ പ്രദേശങ്ങളായ കുറുകൻതോട്, അമ്പ, തരിയോട് എന്നിവിടങ്ങളിൽ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.

7. സുഗന്ധഗിരി സെക്ഷനിൽ കാട്ടാനകൾ കൃഷിയിടത്തിലേക്കിറങ്ങുന്നത് തടയുന്നതിനായി 50 ഹെക്ടർ സ്ഥലത്ത് മുള്ളില്ലാ മുളത്തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്.

8. കാട്ടാനകൾക്ക് വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ജലത്തിനായി ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങാതിരിക്കുന്നതിനുമായി കല്പറ്റ റെയിഞ്ചിലും മേപ്പാടി റെയിഞ്ചിലുമായി 5 ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്.

9. 2014-15 സാമ്പത്തിക വർഷത്തിൽ കല്പറ്റ നിയോജക മണ്ഡലത്തിലെ കല്പറ്റ, മേപ്പാടി റെയിഞ്ചുകളിലെ വിവിധ സ്ഥലങ്ങളിൽ 16.25 കി.മീ. നീളം വരുന്ന സോളാർ പവർ ഫെൻസിംഗിന്റെ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്.

(ബി) ചെലവഴിച്ച തുകയെ സംബന്ധിച്ചുള്ള ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

പ്രതിരോധ പ്രവർത്തനങ്ങൾ	തുക
സോളാർ പവർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ നടത്തുന്നതിന്	2,84,982 രൂപ
വന്യമൃഗങ്ങളെ കാട്ടിലേക്ക് തുരത്തി വിടുന്നതിനായി വാച്ചർമാരെ നിയോഗിച്ചതിന്	2,57,027 "
ആനകളെ തുരത്തുന്നതിനായി എലിഫന്റ് സ്റ്റാറിംഗ് സൗണ്ട് എക്യുപ്മെന്റും പടക്കവും വാങ്ങിയതിന്.	20,670 "

(സി) കല്പറ്റ നിയോജക മണ്ഡലത്തിലെ കല്പറ്റ, മേപ്പാടി റെയിഞ്ചുകളിലായി നടപ്പു സാമ്പത്തിക വർഷത്തിൽ NABARD-RIDF-XVII പദ്ധതിയിൽ ഉൾപ്പെടുത്തി 6.2 കി.മീ. ദൂരം പവർ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന് 20,91,000 രൂപ അടങ്കലിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ പ്രസ്തുത റെയിഞ്ചുകളിലായി 21.45 കി.മീ. ദൂരം പവർ ഫെൻസിംഗ് നിർമ്മിക്കുന്നതിന് 46,90,000 രൂപയുടെ അടങ്കൽ കഴിഞ്ഞ സാമ്പത്തിക വർഷം അംഗീകരിച്ചിട്ടുള്ളതും നടപ്പ് സാമ്പത്തിക വർഷം ടി പ്രവർത്തികൾ ആരംഭിക്കുന്നതുമാണ്.

കാലാവസ്ഥ വ്യതിയാനം

245 (1950) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവസ്ഥ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനായി കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly